Vol. 78
No. 9
CATHOLIC LIFE
September
2011



"നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം
ഭോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ
അത് ദൈവത്തിന്റെ ശക്തിയത്രേ."

( ൧ കോറി. ൧:൧൮)

Printed and Published by Fr. Francis Xavier Kaithavalappil
at St Antony's Orphanage Press, Alleppey. Ph: 0477 2242301
Editor: Fr. Xavier Sony Panackal
Type Setting & Layout : Sebastian Chethy & Seeja Binnys

# Catholic Life

## September - 2011




**DIOCESAN BULLETIN OF ALLEPPEY**

# Catholic Life

## Diocesan Bulletin of Alleppey

**Website : www.dioceseofalleppey.org**

Patron:

**Bishop Stephen Athipozhiyil**

BISHOP OF ALLEPPEY

Editor:

**Fr. Xavier Sony Panackal**

Vol. 78 | September - 2011 | No.9

## *In this Issue*

1. സർക്കുലർ – വിൻസെന്റ് ഡി പോൾ സംഘടന .... 03
2. സർക്കുലർ – രൂപത ദിനം .... 06
3. Engagements of the Bishop .... 11
4. റിപ്പോർട്ട് ഫോം .... 13
5. Letter to the Religious .... 16
6. യുവജന കമ്മീഷൻ രൂപീകരണം .... 20
7. കെ.സി.വൈ.എം. വാർത്തകൾ .... 23
8. രൂപതാ ഡയറി .... 27
9. സ്നേഹസമൂഹം .... 30

A-80/17/11/944

# നമ്മുടെ രൂപതയിലെ
# സെന്റ് വിൻസെൻറ് ഡി പോൾ സംഘടന

യേശുവിൽ സ്നേഹബഹുമാനമുള്ള വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ, സഹോദരൻമാരേ, വാത്സല്യമുള്ള കുഞ്ഞുങ്ങളെ,

കഴിഞ്ഞ ആഗസ്റ്റ് മാസം 24-ാം തീയതി ബുധനാഴ്ച നമ്മുടെ രൂപതയിലെ സെന്റ്വിൻസെന്റ് ഡി പോൾ സംഘടനയുടെ വാർഷിക സമ്മേളനം ആലപ്പുഴയിൽ നടന്ന വിവരം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. ആ സമ്മേളനത്തിൽ സംഘടനയുടെ കഴിഞ്ഞ വർഷത്തെ പ്രവർത്തന റിപ്പോർട്ട് സമർപ്പിച്ചതിനോടൊപ്പം വിദ്യാർത്ഥികൾക്കു നാഷണൽ സ്ക്കോളർഷിപ്പ് ഫണ്ടിൽ നിന്നും സ്ക്കോളർഷിപ്പുകൾ വിതരണം ചെയ്യുകയുണ്ടായി. വിദേശരാജ്യമായ സ്ക്കോട്ട്ലന്റിന്റെയും, രൂപതയിലെ മാന്യവ്യക്തികളുടേയും, കോൺഫറൻസ് അംഗങ്ങളുടെയും സഹായത്തോടുകൂടെ സ്വരൂപിച്ച സ്ക്കോളർഷിപ്പ് സ്ഥിര നിക്ഷേപത്തിൽ നിന്ന് 23800 രൂപാ 50 വിദ്യാർത്ഥികൾക്ക് ഇന്റേണൽ സ്ക്കോളർഷിപ്പായി വിതരണം ചെയ്തു. 2000-ാം ആണ്ടിലെ ജൂബിലി വർഷത്തിൽ ആരംഭിച്ച വിദ്യാജ്യോതി സ്ക്കോളർഷിപ്പിലൂടെ 20 ദത്തു വിദ്യാർത്ഥികൾക്കു 1000 രൂപാ വീതം നൽകുകയുണ്ടായി. സുനാമി സ്ക്കോളർഷിപ്പായി 2000 രൂപാ പ്രകാരം ഓരോ ഏരിയാ കൗൺസിലും അവരവരുടെ സ്ഥലത്തു പഠനത്തിൽ മിടുക്കരായ എന്നാൽ സാമ്പത്തിക പരാധീനതയുള്ള 110 കുട്ടികൾക്കു വിതരണം ചെയ്യുകയുണ്ടായി. വി.വിൻസെന്റ് ഡി പോളിന്റെ 350-ാം ചരമ വാർഷികത്തോടനുബന്ധിച്ച് നാഷണൽ കൗൺസിൽ ഏർപ്പെടുത്തിയ 3000 രൂപാ വീതമുള്ള 5 സ്ക്കോളർഷിപ്പുകൾ സെൻട്രൽ കൗൺസിൽ ഓഫീസിൽ വെച്ചു വിതരണം ചെയ്തു.

1895 സെപ്തംബർ 29-ാം തീയതി മൗണ്ട് കാർമ്മൽ കോൺഫറൻസ് എന്ന പേരിൽ ആലപ്പുഴ ഭദ്രാസന ദൈവാലയത്തിൽ ആദ്യമായി സ്ഥാപിതമായ സെന്റ് വിൻസെന്റ് ഡി പോൾ

സംഘടനയുടെ ഇന്നത്തെ കേന്ദ്ര കൗൺസിലിന്റെ നിലവിലത്തെ പ്രവർത്തനങ്ങളിൽ ചിലതാണ് ഞാൻ ഇപ്പോൾ സൂചിപ്പിച്ചത്. ഈ കേന്ദ്ര കൗൺസിലിൽ ഇപ്പോൾ 89 കോൺഫറൻസു കളിലായി 706 അംഗങ്ങളും 1480 സഹായാംഗങ്ങളും,449 ദത്തുകുടുംബങ്ങളുമുണ്ട്. 118 വിദ്യാർത്ഥികളെ ദത്തെടുത്തു ഇപ്പോൾ പഠിപ്പിച്ചു വരുന്നു.

ഈ മഹാപ്രസ്ഥാനത്തിന്റെ മദ്ധ്യസ്ഥനായ സെന്റ് വിൻസെന്റ് ഡി പോളിന്റെ തിരുനാൾ സെപ്തംബർ 27-ാം തീയതി നാം സഭയിൽ ആഘോഷിക്കുകയാണ്. 1580- ഫ്രാൻസിൽ പൂയി എന്നൊരു ഗ്രാമത്തിൽ ജനിച്ച വിൻസെന്റ് ഡി പോൾ ബാല്യ കാല വിദ്യാഭ്യാസത്തിനും സെമിനാരി പരിശീലനത്തിനും ശേഷം 1600- ഒരു വൈദികനായി അഭിഷിക്തനായി. പാവപ്പെട്ടവരുടേയും വേദനിക്കുന്നവരുടേയും ആശ്വാസകനായി മാറിയ അദ്ദേഹം കാരുണ്യ പ്രവർത്തികൾ ചെയ്യുവാൻ ധനികരെ ഉദ്ബോധി പ്പിച്ചിരുന്നു.

ഇടവകകൾതോറും ദരിദ്രരേയും രോഗികളേയും സഹായിക്കുവാൻ സംഘങ്ങൾ സ്ഥാപിക്കുകയും തന്റെ മിഷണറി പ്രവർത്തനങ്ങൾക്കു പണം സമാഹരിക്കുവാൻ സ്ത്രീകളുടെ ഒരു സംഘടനയ്ക്കു രൂപം കൊടുക്കുകയും ചെയ്തു.

തന്റെ ഈ ലോക സേവന ജീവിതം പൂർത്തീകരിച്ചു 1660-ൽ അദ്ദേഹം നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. താമസി യാതെ 13-ാം ലിയോ മാർപാപ്പ അദ്ദേഹത്തെ എല്ലാ പരസ്നേഹ പ്രവർത്തനങ്ങളുടെയും മദ്ധ്യസ്ഥനായി പ്രഖ്യാപിച്ചു. ഈ വിശുദ്ധന്റെ കാരുണ്യ പ്രവർത്തനങ്ങളുടെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ടാണ് 1833-വാഴ്ത്തപ്പെട്ട ഫ്രെഡറിക്ക് ഓസനാം തന്റെ 6 സഹപ്രവർത്തകരോടുകൂടെ വിൻസെന്റ് ഡി പോൾ സൊസൈറ്റിക്ക് രൂപം കൊടുത്തത്. സഭയിൽ യേശുവിന്റെ കരുണയും സ്നേഹാദ്രതയും കൈമുതലാക്കി അനേകായിര ങ്ങൾക്കു അത് പകർന്നു കൊടുത്തു യേശുവിനുവേണ്ടി സാക്ഷ്യം വഹിച്ച ഈ വിശുദ്ധനെ ആദരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ തിരുനാൾ ആഘോഷിക്കുവാൻ നമ്മുടെ മനോഭാവവും ജീവിത ശൈലിയും അപ്രകാരമാക്കുവാൻ ഈ വിശുദ്ധന്റെ മാദ്ധ്യസ്ഥം നമുക്ക്





അപേക്ഷിക്കാം. ഇന്നു ഈ ശൈലി ഉൾക്കൊണ്ടു പ്രവർത്തിക്കുന്ന ഒരാഗോള സംഘടനയാണ് സെന്റ്. വിൻസെന്റ് ഡി പോൾ സൊസൈറ്റി. ഇതിൽ സജീവ അംഗങ്ങളായോ സഹായ അംഗങ്ങളായോ പ്രവർത്തിക്കുവാൻ ഓരോ ഇടവകയിലെ കുറച്ചുപേർക്കെങ്കിലും സാധിക്കണം. ദരിദ്രർ എപ്പോഴും നിങ്ങളോടുകൂടെയുണ്ട്; എപ്പോൾ വേണമെങ്കിലും അവർക്കു നന്മ ചെയ്യുവാൻ സാധിക്കും. (മർക്കോസ്:14/7) എന്ന യേശുവിന്റെ ഉദ്ബോധനം അവിടുത്തെ അനുയായികളായ നമുക്കെല്ലാവർക്കും വേണ്ടിയുള്ളതാണ്. ആയതിനാൽ ഇന്നു ഇടവകയിൽ നിലവിലുള്ള കോൺഫറൻസിൽ സജീവ അംഗങ്ങളായി ചേരുവാൻ കുറച്ചെങ്കിലും സമയവും സൗകര്യ വുമുള്ള എല്ലാവരും താല്പര്യം കാണിക്കണമെന്ന് ഞാൻ ഇത്തരുണത്തിൽ സ്നേഹപൂർവ്വം ഉദ്ബോധിപ്പിക്കുന്നു. സജീവ അംഗങ്ങളായി ചേർന്നു പ്രവർത്തിക്കുവാൻ സാധ്യമല്ലാത്തവർ തങ്ങളുടെ സമ്പത്തിന്റെ ഒരു ചെറിയ വിഹിതമെങ്കിലും ഇടവക കോൺഫറൻസുകൾക്കു നൽകി ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുവാൻ പ്രയാസപ്പെടുന്നവരെ സഹായിക്കണമെന്നു താല്പര്യപ്പെടുന്നു. എന്റെ ഏറ്റവും എളിയ സഹോദരൻമാരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തു തന്നത്. (മത്തായി:25/40) എന്ന യേശുവിന്റെ വചനവും, ഈ എറ്റവും എളിയവരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്യാതിരുന്നപ്പോൾ എനിക്കു തന്നെയാണ് ചെയ്യാതിരുന്നത് (മത്തായി: 25/45)എന്ന യേശുവിന്റെ ഓർമ്മ പ്പെടുത്തലും നമുക്കൊരു മുന്നറിയിപ്പായിരിക്കട്ടെ.

നിങ്ങൾക്കെല്ലാവർക്കും ദൈവകൃപയും സമാധാനവും വി. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ മംഗളങ്ങളും ആശംസിച്ചുകൊണ്ട്,

യേശുവിൽ സ്നേഹപൂർവ്വം,

**ആലപ്പുഴ** **ബിഷപ്പ് സ്റ്റീഫൻ അത്തിപ്പൊഴിയിൽ**
**27-08-2011** **ആലപ്പുഴ മെത്രാൻ**

---

**(ഈ സർക്കുലർ സെപ്തംബർ 25-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്)**

A-80/18/11/963

# രൂപതാ ദിനാചരണം

ക്രിസ്തുവിൽ സ്നേഹബഹുമാനമുള്ള വൈദീകരേ, സ്നേഹമുള്ള സിസ്റ്റേഴ്സ്, പ്രിയ സഹോദരീ സഹോദരൻമാരേ,

നമ്മുടെ രൂപത 1952 ജൂൺ 19-ാം തീയതി പഴയ കൊച്ചി രൂപതയിൽ നിന്നും വേർതിരിക്കപ്പെട്ടു പ്രവർത്തന സജ്ജമായിട്ട് 59 വർഷം പൂർത്തിയാക്കി 60-ാം മത് വർഷത്തിലേക്കു അടുത്ത ഒക്ടോബർ മാസം 11-ാം തീയതി നാം പ്രവേശിക്കുകയാണ് എന്നുള്ള വസ്തുത നിങ്ങൾക്കെല്ലാവർക്കും അറിവുള്ള താണല്ലോ. കഴിഞ്ഞ വർഷം അർത്തുങ്കൽ സെന്റ് ആൻഡ്രൂസ് ഫൊറോനാ ദൈവാലയം മൈനർ ബസിലിക്കയായി റോമിൽ നിന്നും അംഗീകരിച്ചതിന്റെ പ്രഖ്യാപനം അർത്തുങ്കലിൽ നടന്ന തിന്റെ ആദ്യവാർഷികവും നാം ഇത്തരുണത്തിൽ ആചരി ക്കുകയാണ്. ഈ വർഷത്തെ രൂപതാദിനാചരണം നടത്തുക നമ്മുടെ ഭദ്രാസന ദൈവാലയമായ മൗണ്ട് കാർമ്മൽ കത്തീഡ്രൽ ദൈവാലയത്തിൽ വെച്ചായിരിക്കും. അതോടൊപ്പം വൈദികർ താമസമുള്ള എല്ലാ ദൈവാലയങ്ങളിലും ഒക്ടോബർ 11-ാം തീയതി ചൊവ്വാഴ്ച രാവിലത്തെ ദിവ്യബലിക്കു മുമ്പു പതാക ഉയർത്തുകയും അന്നത്തെ പ്രധാന ദിവ്യബലി കൃതജ്ഞതാ ബലിയായി അർപ്പിക്കുകയും ചെയ്യണമെന്ന് ഉദ്ബോധിപ്പിക്കുന്നു. ദിവ്യബലിയിലെ വിശ്വാസികളുടെ പ്രാർത്ഥന രൂപതാ ദിനാഘോഷത്തിന്റെ പ്രാധാന്യം കണക്കിലെടുത്തു തയ്യാറാക്കേ ണ്ടതാണ്. രൂപതാ ദിനത്തിനു മുമ്പായി ഇടവക കമ്മറ്റി അംഗങ്ങൾ, സ്നേഹ സമൂഹ ഭാരവാഹികൾ, മതാദ്ധ്യാപകർ, വിവിധ കമ്മീഷൻ ഭാരവാഹികൾ, സംഘടനാ ഔദ്യോഗിക അംഗങ്ങൾ, സ്ഥാപനാധികൃതർ, തുടങ്ങിയവർ ഒരുമിച്ചു കൂടി ഇടവകയുടെ സ്ഥിതി വിവരങ്ങളും പ്രവർത്തനങ്ങളും, വിലയിരുത്തി ആദ്ധ്യാത്മിക, വിദ്യാഭ്യാസ, സാമ്പത്തിക നില അവലോകനം ചെയ്തു സാധ്യമായ ഭാവി പരിപാടികൾക്കു രൂപം





കൊടുക്കുകയും വേണം. ഇടവകയുടെയും സ്ഥാപനങ്ങളുടേയും ഒരു സംക്ഷിപ്ത റിപ്പോർട്ടു സെപ്തംബർ 20-ാം തീയതിക്കു മുമ്പായി രൂപതാ ചാൻസിലറുടെ പേർക്കു അയച്ചു കൊടുക്കേണ്ട താണ്.നവംബർ മാസത്തിലെ രൂപതാ ബുള്ളറ്റിൽ എല്ലാവരു ടേയും അറിവിലേക്കായി അവ പ്രസിദ്ധീകരിക്കുന്ന തുമാണ്.

തീരദേശ ജനതയായ നമ്മുടെ ബഹുഭൂരിപക്ഷം ജനങ്ങളും വസിക്കുന്നതു കടൽ തീരത്താണല്ലോ. അതു കൊണ്ടു തന്നെ തീരദേശത്തിന്റെ വികസനം നമ്മുടെ വികസനവും, നമ്മുടെ വികസനം തീരദേശത്തിന്റെ വികസന വുമാണ്. രൂപതയുടെ സർവ്വോൻമുഖമായ വളർച്ചയും നമ്മുടെ സമൂഹത്തിന്റെ ശോഭനമായ ഭാവിയും ആത്യന്തികമായി അടങ്ങിയിരിക്കുന്നത് മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസ ഉന്നതിയിലാണ്. ഇന്നു നമ്മുടെ മക്കൾ നേടിയെടുക്കുന്ന വിശ്വാസബോധ്യവും വിജ്ഞാനവുമാണ് ഭാവിയിൽ അവരേയും നമ്മുടെ രൂപതാ സമൂഹത്തെ മുഴുവനും കേരള സഭയുടേയും നമ്മുടെ സംസ്ഥാനത്തിന്റെ തന്നെയും മുഖ്യധാരയിലെത്തി ക്കുന്നത്. ദൈവാനുഗ്രഹത്താലും വളരെയേറെ നല്ല മനുഷ്യരുടെ സാമ്പത്തിക സഹായത്താലും നമ്മുടെ കുഞ്ഞു ങ്ങളിൽ പലരും ഇന്നു പഠനത്തിൽ മുൻപന്തിയിലെത്തുന്നുണ്ട്. തത്ഫലമായി ഉന്നത വിദ്യാഭ്യാസത്തിനു അവർ അർഹരായും തീരുന്നുണ്ട്. എല്ലാ ഉന്നതപഠനത്തിന് ആവശ്യമായ സാമ്പത്തിക ഭദ്രത കണ്ടെത്തുക മിക്കവർക്കും പ്രയാസമേറിയ ഒരു കാര്യം തന്നെയാണ്. അപ്രകാരമുള്ളവരെല്ലാം പഠിച്ചു ഉന്നത നിലവാരത്തിലെത്തിച്ചേരാൻ ഓരോ ഇടവകയും അവിടെയുള്ള വിദ്യാർത്ഥികളുടെ പഠനകാര്യത്തിൽ സാമ്പത്തികമായി സഹായിക്കാൻ ഉതകുന്ന സംവിധാനങ്ങൾ രൂപീകരിക്കേണ്ടത് ഇന്നത്തെ ഒരു അടിയന്തിര ആവശ്യമായി മാറിയിരിക്കുകയാണ്. ഇടവക തിരുനാൾ ചിലവുകൾ ചുരുക്കി സ്വരൂപിക്കുന്ന തുക വിദ്യാഭ്യാസ ഫണ്ടായി രൂപീകരിക്കണമെന്നുള്ള മുൻനിർദ്ദേശം ഇന്നും എല്ലാ ഇടവകകളും പാലിച്ചിട്ടില്ല എന്നാണ് മനസ്സിലാ

ക്കുന്നത്. അപ്രകാരമുള്ള വിദ്യാഭ്യാസ ഫണ്ട് രൂപീകരിച്ചിട്ടുള്ള വരെ അനുമോദിക്കുകയും മറ്റുള്ളവർ അതു കഴിയും വേഗം പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു.

നമ്മുടെ ദൈവാലയങ്ങളിൽ തിരുനാളുകൾക്കായി ചിലവഴിക്കപ്പെടുന്ന തുകയിൽ നിന്നും, ഉദാര മനസ്ക്കരായ വ്യക്തികളിൽ നിന്നും സംഭരിക്കുന്ന തുകയും ചേർത്തു ഇടവക വിദ്യാഭ്യാസ ഫണ്ട് മെച്ചപ്പെടുത്തണമെന്ന് പ്രത്യേകം താത്പര്യപ്പെടുന്നു. അതോടൊപ്പം നമ്മുടെ കുടുംബങ്ങളിലെ ആഘോഷ ആഡംബരങ്ങൾക്കും മദ്യപാനത്തിനുമായി ചിലവഴിക്കുന്ന പണം ഇപ്രകാരമുള്ള കുട്ടികളുടെ പഠനത്തിനായി മാറ്റി വയ്ക്കാൻ സാധിച്ചാൽ അത് ആ കുടുംബങ്ങൾക്കും സമൂഹത്തിനും ഒരു വലിയ അനുഗ്രഹമായി മാറും. ഓരോരുത്തരുടേയും സാമ്പത്തികസ്ഥിതി അനുസരിച്ചു പൊതു നന്മയ്ക്കു വേണ്ടി സഹായം നൽകുവാൻ നമുക്കെല്ലാവർക്കും കടമയുണ്ട്. ദൈവത്തിൽ നിന്നും കൂടുതൽ സ്വീകരിച്ചവർ കൂടുതൽ കൊടുക്കുവാൻ ബാധ്യസ്ഥരാണ്. നാം ആരും നമ്മുടെ സമ്പത്തിന്റെ ഉടമകളല്ല , കാര്യസ്ഥർ മാത്രമാണ്. ദൈവമാണ് എല്ലാറ്റിന്റേയും ഉടമസ്ഥൻ എന്നുള്ള ചിന്ത നമ്മിൽ ആഴപ്പെടാൻ ഇടയാകട്ടെയെന്നു ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ടും നമ്മുടെ ഈ വർഷത്തെ രൂപതാ ദിനാഘോഷങ്ങൾ നമ്മെ കൂടുതൽ നന്മയിലേക്കു വളരുവാൻ സഹായിക്കട്ടെ എന്നാശംസിച്ചുകൊണ്ട്,

യേശുവിൽ സ്നേഹപൂർവ്വം,

**ആലപ്പുഴ** **ബിഷപ്പ് സ്റ്റീഫൻ അത്തിപ്പൊഴിയിൽ**

**25-08-2011** **ആലപ്പുഴ മെത്രാൻ**

**(ഈ സർക്കുലർ ഒക്ടോബർ മാസം 2-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്.)**





# വൈദിക കൂട്ടായ്മ റിപ്പോർട്ട്

ആഗസ്റ്റ് മാസത്തെ വൈദിക സമ്മേളനം 18-08-2011 ൽ പതിവുപോലെ രാവിലെ 10 മണിക്ക് ഈശ്വരപ്രാർത്ഥനയോടു കൂടി ആരംഭിച്ചു. അഭിവന്ദ്യ പിതാവിന്റെ ആമുഖപ്രഭാഷണത്തിനു ശേഷം മുൻ മാസയോഗത്തിൽ തീരുമാനിച്ചതുപോലെ "ക്രൈസ്തവ വിശ്വാസ കൈമാറ്റത്തിന് നവസുവിശേഷവത്ക്കരണം" എന്ന മാർഗ്ഗരേഖയുടെ ഫൊറോനാ തലത്തിലുള്ള ചർച്ചയുടെ വിശദാംശങ്ങളിലേക്ക് കടന്നു. ഫാ.അലക്സ് കൊച്ചീക്കാരൻ (മനക്കോടം), ഫാ. ജോസി കുരിശിങ്കൽ (കണ്ടക്കടവ്), ഫാ. ജോർജ്ജ് ബിബിലൻ (കാട്ടൂർ) എന്നീ വൈദികർ അതാതു ഫൊറോനാകളിൽ നടന്ന ചർച്ചയുടെ പ്രധാന ആശയങ്ങൾ വൈദികസമൂഹവുമായി പങ്കുവെച്ചു. തുടർന്ന് പരിശുദ്ധ കുർബ്ബാനയുടെ ആരാധനയ്ക്ക് ഫാ.എഡ്വേർഡ് പുത്തൻപുരയ്ക്കൽ നേതൃത്വം നൽകി. ആരാധനയ്ക്കു ശേഷം അർത്തുങ്കൽ ഫൊറോനായെ പ്രതിനിധീകരിച്ച് ഫാ. ക്ലീറ്റസ് കാരക്കാട്ടും, കത്തീഡ്രൽ ഫൊറോനായെ പ്രതിനിധീകരിച്ച് ഫാ. ജോർജ്ജ് മാവുങ്കൂട്ടത്തിലും, പുന്നപ്ര ഫൊറോനായെ പ്രതിനിധീകരിച്ച് ഫാ.ബ്രിട്ടസ് കടവുങ്കലും മാർഗ്ഗരേഖയെക്കുറിച്ചുള്ള ഫൊറോനാതല ചർച്ചയുടെ ആശയങ്ങൾ വൈദികസമൂഹവുമായി പങ്കുവെച്ചു. ഫൊറോനാ തലത്തിലുള്ള ചർച്ചയുടെയും കൂട്ടായ്മയുടെയും പിൻബലം ആഗസ്ത് മാസത്തിലെ വൈദിക കൂട്ടായ്മയെ കൂടുതൽ ആകർഷകമാക്കി. അതോടൊപ്പം തന്നെ ഇപ്രകാരമുള്ള ഫൊറോനാ തല സമ്മേളനങ്ങൾ കൂടെക്കൂടെ നടത്തുന്നത് കൂടുതൽ നല്ലതായിരിക്കുമെന്നുള്ള ആശയം മിക്ക ഫൊറാനകളിൽ നിന്നും ഉയർന്നു വന്നു. മെത്രാൻമാരുടെ സിനഡിന്റെ മാർഗ്ഗരേഖ ഇപ്രകാരമുള്ള ചർച്ചയ്ക്ക് ഉപയോഗിച്ചത് പ്രസ്തുത വിഷയം ആഴമായി പഠിക്കാൻ എല്ലാ വൈദികർക്കും സഹായകമായി. ആശയ ക്രോഡീകരണത്തിനും, സജീവ ചർച്ചയിലും വൈദികർ സജീവമായി പങ്കെടുത്തു. ഫൊറോനാ

തലത്തിലെ വൈദികർ അവതരിപ്പിച്ച മാർഗ്ഗരേഖയുടെ റിപ്പോർട്ട് ക്രോഡീകരിക്കുവാൻ വികാരി ജനറൽ ഫാ. പയസ്സ് ആറാട്ടുകുളത്തിന്റെ നേതൃത്വത്തിൽ ഫാ. ജോയി പുത്തൻവീട്ടിൽ, ഫാ.ജോൺസൺ പുത്തൻവീട്ടിൽ, ഫാ. അലക്സ് കൊച്ചീക്കാരൻ വീട്ടിൽ, ഫാ. വി.പി. ജോസഫ് എന്നിവരെ ചുമതലപ്പെടുത്തി.

തുടർന്ന് വന്ന ചർച്ചയിൽ നമ്മുടെ രൂപതയിൽ ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിൽ പ്രസിദ്ധീകരിച്ച "കുടുംബപ്രാർത്ഥന പുസ്തകം" രൂപതയിലെ എല്ലാ ഭവനങ്ങളിലും എത്തിക്കുവാൻ എല്ലാ ഇടവക വികാരിമാരും പ്രത്യേകം പരിശ്രമിക്കണമെന്ന് അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. തുടർന്ന് കൂരീയായിൽ അടയ്ക്കുവാനുള്ള പല കളക്ഷൻസും ഇനിയും പലരും അടയ്ക്കാത്തത് അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. അതോടൊപ്പം തന്നെ കുർബ്ബാനപ്പണത്തിന്റെ നിരക്ക് രൂപതയിലെ എല്ലായിടങ്ങളിലും ഒരുപോലെ തന്നെയാണെന്നും, ആഘോഷങ്ങൾക്കും മറ്റ് അലങ്കാരങ്ങൾക്കും ഫ്ളക്സും മറ്റും വെയ്ക്കുന്നത് ഒഴിവാക്കണമെന്ന് അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. അതോടൊപ്പം തന്നെ ആരാധനാക്രമത്തിന്റെ നിർദ്ദേശങ്ങൾ രൂപതയിൽ നിന്ന് നൽകിയിട്ടുള്ളത് ഉൾപ്പടെ എല്ലാവരും പാലിക്കണമെന്നും ഇടവക വൈദികർ പ്രധാന തിരുനാളുകളിലും മറ്റാഘോഷങ്ങളിലും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നും ഓർമ്മപ്പെടുത്തി. ബലിപീഠം മറച്ചുകൊണ്ടുള്ള അലങ്കാരങ്ങളും ആരാധനയുടെ ശ്രദ്ധയും പരിശുദ്ധിയും നഷ്ടപ്പെടുത്തുന്ന തരത്തിലുള്ള അലങ്കാരങ്ങളും എല്ലാവരും ഒഴിവാക്കണമെന്നും പിതാവ് അനുസ്മരിപ്പിച്ചു.

തുടർന്ന വന്ന ചർച്ചയിൽ രൂപതയുടെ വജ്ര ജൂബിലിയോടനുബന്ധിച്ച് രൂപതയിൽ പ്രാവൃത്തികമാക്കാൻ ഉദ്ദേശിക്കുന്ന സംരംഭത്തെക്കുറിച്ച് വികാരി ജനറൽ ഫാ. പയസ് ആറാട്ടുകുളം വിശദീകരിച്ചു. ഈ സംരംഭത്തിന്റെ സാദ്ധ്യതകളെക്കുറിച്ചും പ്രയോജനത്തെക്കുറിച്ചുമൊക്കെയുള്ള ചർച്ചയും നടന്നു.

**വൈസ് ചാൻസിലർ**





# Engagements of the Bishop September - 2011

| Date | Time | Programme |
|---|---|---|
| 2nd Friday | 2.30 p.m. | Releasing of CRS Souvenir at POC, Palarivattom. |
| 3rd & 4th Saturday & Sunday | | Pastoral Visit to St. John Maria Vianney Church, Punnapra |
| 4th Sunday | 8.00 p.m. | Annual Retreat Priests' -1st batch begins. |
| 8th Thursday | 3.00 p.m. | Conference to the retreatants |
| 9th Friday | 11.30 a.m. | Holy Mass with the retreatants at the Seminary Chapel |
| | 4.00 p.m. | De-addiction Centre, Punnapra |
| 10th Saturday | 10.30 a.m. | Holy Mass at St. Antony's Church, Perunnermangalam |
| 11th Sunday | 8.00 p.m. | Annual Retreat of Priests 2nd batch begins |
| 14th Wednesday | 6.30 a.m. | Holy Mass at Sacred Heart Church, Thankey Junction |
| 15th Thursday | 3.00 p.m. | Conference to the retreatants |
| 16th Friday | 11.30 a.m. | Holy Mass with the retreatants |

| Date | Time | Programme |
|---|---|---|
| 19th Monday | 6.00 p.m. | Meeting the Seminarians at S.H. Seminary, Alpy |
| 21st Wednesday | 10.00 a.m. | Meeting of the Religious at Karmasadan |
| 23rd Friday | 9.30 a.m. | Talk to the participants of the Marriage Preparation Course |
| | 4.00 p.m. | De-addiction Centre, Punnapra |
| 24th Saturday | | Meeting the Seminarians at S.H. Seminary, Mayithara |
| 24th & 25th Saturday & Sunday | | Pastoral Visit to St. Sebastian's Church, Pallithode |

പ്രിയ ബഹു. അച്ചാ/ സിസ്റ്റർ/ സുഹൃത്തേ,

**കുരിയായിൽ നിന്ന് ഹൃദ്യമായ ആശംസകൾ!**

നമ്മുടെ രൂപതാ ദിനത്തിൽ അവതരിപ്പിക്കേണ്ട അങ്ങയുടെ ഇടവകയുടെ/ മഠത്തിന്റെ/ സ്ഥാപനത്തിന്റെ/ സംഘടനയുടെ വാർഷിക പ്രവർത്തന റിപ്പോർട്ടും വരും വർഷത്തെ പദ്ധതികളെക്കുറിച്ചുള്ള റിപ്പോർട്ടും എത്രയും വേഗം രൂപതാ കുരിയായിൽ എത്തിച്ചു തരുവാൻ ശ്രമിക്കണം. ദൃശ്യമാധ്യമങ്ങളുടെ (ചാർട്ടുകൾ, ഫോട്ടോകൾ, പവർ പോയിന്റ്, etc,) സഹായത്തോടെയുള്ള റിപ്പോർട്ട് കൂടുതൽ അഭികാമ്യം. റിപ്പോർട്ടുകൾ സെപ്തംബർ 20-ാം തീയതിക്കു മുമ്പായി രൂപതാ കൂരിയായിൽ എത്തിക്കുക. അങ്ങയുടെ പ്രവർത്തനത്തിന് ദൈവികാനുഗ്രഹങ്ങൾ ആശംസിച്ചുകൊള്ളുന്നു.

ഒത്തിരി സ്നേഹത്തോടെ,

**ഫാ. ഫെർണാണ്ടസ് കാക്കശ്ശേരിൽ**
ചാൻസിലർ





## രൂപതാ ദിനാചരണത്തിന്റെ ഭാഗമായി അവതരിപ്പിക്കാനുള്ള ഇടവക പ്രവർത്തന റിപ്പോർട്ടിനുള്ള ഫോം

**2010 ഒക്ടോബർ മുതൽ 2011 സെപ്റ്റംബർ വരെ**

ഇടവകയുടെ/ ചാപ്പലിന്റെ പേര്..........................................................................

### പൊതുവായ വിവരങ്ങൾ

1 ആകെ കുടുംബങ്ങൾ..........ജനസംഖ്യ..........ബി.സി.സി യൂണിറ്റുകൾ............

2 സൺഡെസ്കൂൾ കുട്ടികൾ ആകെ ................... മതാദ്ധ്യാപകർ....................

3 സാമൂഹിക സംഘടനകൾ/ പ്രസ്ഥാനങ്ങൾ/ഭക്തസംഘടനകൾ

4 മറ്റ് സംരംഭങ്ങൾ- പ്രസ്ഥാനങ്ങൾ (വിദ്യാഭ്യാസ/ സാംസ്കാരിക/ജീവകാരുണ്യപരം )

### താഴെപ്പറയുന്നവയുടെ ഗുണഭോക്താക്കൾ എത്ര വീതം?

5 സേവ് എ ഫാമിലി..........................................................................

6 വിസിറ്റേഷൻ സേവ് എ ഫാമിലി..........................................................

7 എ. ആർ.എസ്..........................................................................

8 എ.ഡി.എസ്..........................................................................

9 ഭവനനിർമ്മാണം..........................................................................

10 വിദ്യാഭ്യാസ/ 11.സാമൂഹിക സ്ഥാപനങ്ങൾ 12 സന്ന്യാസഭവനങ്ങൾ

### ഇടവക പ്രവർത്തനങ്ങൾ

(1) ആദ്ധ്യാത്മിക രംഗം ആരാധാനാക്രമ കലണ്ടർ പ്രകാരമുള്ള വിശേഷദിവസങ്ങൾ, ഇടവകയിലെ പതിവ് തിരുനാളുകൾ, ധ്യാനങ്ങൾ ഇവകൂടാതെ സവിഷേതരമായ രീതിയിൽ ആദ്ധ്യാത്മിക രംഗത്ത് നടത്തിയിട്ടുള്ള കാര്യങ്ങൾ

(2) അജപാലനരംഗം ഇടവകജനത്തിന്റെ വിശ്വാസ ജീവിതം പരിപക്വമാക്കാൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ.

(3) കുട്ടികൾ, യുവജനങ്ങൽ, മുതിർന്നവർ, ദമ്പതികൾ, വൃദ്ധർ എന്നിങ്ങനെ വിവിധ വയോവിഭാഗങ്ങൾക്കായി നടത്തിയ പരിപാടികൾ

4) റിപ്പോർട്ട് വർഷം നടത്തിയ വിദ്യാഭ്യാസ, സാംസ്കാരിക പ്രവർത്തനങ്ങൾ

5) റിപ്പോർട്ട് വർഷം ഇടവക കൈവരിച്ച ശ്രദ്ധേയമായ നേട്ടങ്ങൾ

6 അടുത്ത വർഷം ലക്ഷ്യംവയ്ക്കുന്ന പദ്ധതികൾ/ പരിപാടികൾ

# DIOCESAN DAY - 2011

## ANNUAL REPORT FROM RELIGIOUS HOUSES

(Reporting period: October 2010 to September 2011)

**Dear Rev. Father/Brother/Sister,**

Please, fill in this form and send it to the Diocesan Chancellor, Bishop's House, Alleppey- 688 012, by 20th September 2011. The report will be published in the Diocesan Bulletin.

Thanking you,

Alleppey
22-8-2011

**Chancellor**

……………………………………………………………………….

1. Name of the Religious Congregation

2. Address of the Religious House

3. Number of members in the House/ Convent

4. Description of Activities:

a. Religious:

b. Social and Educational:

5. Programme for Next year:-

**Signature of Superior**





# DIOCESAN DAY - 2011

## ANNUAL REPORT FROM ASSOCIATIONS

(Reporting period: October 2010 to September 2011)

Dear Brother / Sister,

Please, fill in this form and send it to the Diocesan Chancellor, Bishop's House, Alleppey- 688 012, by 20th September 2011. The report will be published in the Diocesan Bulletin.

Thanking you,

Alleppey
22-8-2011

**Chancellor**

……………………………………………………………………….

Name of the association

Number of Units

Description of the activities of current year October 2010 to September 2011 .

a. Religious:

b. Social:

Programme for the next year:-

**Name, Signature and Designation**

A-144/04/11/954

To

**All the Religious Communities**

Dear Rev. Father/Sister,

***Greetings of love and peace of Our Lord from Bishop's House!***

You may remember that we had fixed Saturday 29th October 2011 for the next meeting of the religious of the Diocese. The topic proposed for the next meeting was the Lineamenta on "The new Evangelization for the transmission of the Christian faith". Since the report of the discussion on this topic has to reach Rome by 1st November 2011, it has to be sent from here latest by the 1st week of October. Hence our meeting proposed for Saturday 29th October has to be held in September itself. Therefore our next meeting is proposed to be held on Wednesday 21st September since it is a public holiday.

So all the Superiors are asked to participate in the programme without fail.

**<u>AGENDA</u>**

10.00 a.m. - Introductory talk
11.00 a.m. - Tea break
11.15 a.m. - Group discussion
12.15 p.m. - Consolidation of the discussion
1.00 p.m. - Lunch

Thanking you in anticipation for your active participation and assuring you of my prayers,

Yours sincerely in Jesus,

Alleppey **Bishop Stephen Athipozhiyil**
23-08-2011 Bishop of Alleppey





# നവവൈദികന് ആശംസകൾ



## <u>റവ. ഫാ. ജോസഫ് അരേശ്ശേരി ഒ.എസ്.എ</u>

**റവ. ഫാ. ജോസഫ് അരേശ്ശേരി** ഒ.എസ്. എ. സന്യാസ സഭയ്ക്കുവേണ്ടി 2011 ആഗസ്ത് 13-ാം തീയതി വെള്ളാപ്പള്ളി സെന്റ് ഫ്രാൻസീസ് അസ്സീസി ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ സ്റ്റീഫൻ അത്തിപ്പൊഴിയിൽ പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചിരുന്നു.

വെള്ളാപ്പള്ളി ഇടവകയിൽ അരേശ്ശേരിൽ ജേക്കബിന്റെയും ത്രേസ്സ്യാമ്മയുടെയും നാല് മക്കളിൽ ഇളയമകനായി 1983 ആഗസ്ത് 16-ാം തീയതി ജനിച്ചു. ലിയോ തേർട്ടീന്ത് സ്ക്കൂളിൽ നിന്നും എസ്. എസ്. എൽ. സി പാസായതിനു ശേഷം 1999 ജൂൺ 20-ാം തീയതി ഇടക്കൊച്ചി അഗസ്തീനിയൻ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം ആരംഭിച്ചു. ഫോർട്ട്കൊച്ചി സാന്താക്രൂസ് സ്കൂളിൽ നിന്ന് പ്ലസ്ടു പഠനത്തിനു ശേഷം ആലുവ എസ്. എച്ച് ഫിലോസഫി കോളേജിൽ നിന്ന് ഡിഗ്രി പഠനം പൂർത്തിയാക്കി. ആലുവാ അഗസ്തിനീയൻ മൊണാസ്ട്രിയിൽ നൊവിഷിയേറ്റിനു ശേഷം കളമശ്ശേരി ജ്യോതിർ ഭവൻ കോളേജിൽ ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി. ഫെബ്രുവരി 15 ന് ഡീക്കൻ പട്ടം സ്വീകരിക്കുകയും തുടർന്ന് വയനാട് തലപ്പുഴിൽ സെന്റ് തോമസ് ഇടവകയിൽ ഡയകനേറ്റ് മിനിസ്ട്രി നിർവഹിച്ചു. ഫാ. ജോസഫ് അരേശ്ശേരിലിന് ആലപ്പുഴ രൂപതയുടെ പ്രാർത്ഥനാംശംസകൾ.

ബഹു. അച്ചാ /സിസ്റ്റർ,

**വനസ്വർഗം മൊണാത്തേസാ**

**കോൺവെന്റിൽ നിന്നും പ്രാർത്ഥനാംശസകൾ!**

നമ്മുടെ രൂപത വനസ്വർഗ്ഗം വി.യൂദാശ്ലീഹായുടെ തീർത്ഥാടന കേന്ദ്രത്തോട് ചേർന്ന് പ്രവർത്തിക്കുന്ന ഒബ്ളേറ്റ് ഹോസ്പിറ്റലർ ഫ്രാൻസിസ്ക്കൻ സിസ്റ്റേഴ്സിന്റെ സന്യാസ സമൂഹത്തിന്റെ കീഴിൽ മൊണാത്തേസാ കോൺവെന്റിനോട് ചേർന്ന് സ്ത്രീകൾക്കായി വൃദ്ധമന്ദിരം തുടങ്ങിയ വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. എല്ലാ ബുധനാഴ്ചകളിലും പ്രവർത്തിക്കുന്ന ഡിസ്പെൻസറിയും ഇതിന്റെ ഭാഗമായുണ്ട്. നമ്മുടെ സമൂഹത്തിലെ പ്രായാധിക്യം മൂലം ക്ലേശിക്കുന്ന, ശുശ്രൂഷിക്കാനാരുമില്ലാതെ ഏകാന്തതയനുഭവിക്കുന്ന നാനാജാതി മതസ്ഥരായ ഏവർക്കും അഭയം നൽകി അവരെ മാനസികവും ശാരീരികവും ആത്മീയവുമായ സന്തോഷത്തിലേക്ക് നയിച്ചുകൊണ്ട് വാർദ്ധക്യം ആനന്ദകരമാക്കുക എന്ന ലക്ഷ്യത്തോടെ വൃദ്ധമന്ദിരം പ്രവർത്തിക്കുന്നു. ഇതിലേക്ക് കൂടുതൽ വിവരങ്ങൾ അറിയുവാൻ താഴെ പറയുന്ന വിലാസത്തിൽ ബന്ധപ്പെടുക.

**സി.സുപ്പീരിയർ**
മൊണാത്തേസാ കോൺവെന്റ്
വനസ്വർഗം, എസ്. എൽ.പുരം, ചേർത്തല 688 523
ഫോൺ : 0478 2863959
മൊബൈൽ : 9497685685

## Please Note

There will be a meeting of the religious at Karmasadan, Pastoral Centre, Alleppey, on Wednesday 21st September 2011 at 10.00 a.m.





# ഫാമിലി അപ്പോസ്റ്റലേറ്റ്

## നോട്ടീസ്

സെപ്തംബർ 2-ാം വാരത്തിൽ, വൈദികരുടെ ധ്യാനം നടക്കുന്നതിനാൽ, **സെപ്തംബർ 9-11 വരെയുള്ള വിവാഹ ഒരുക്ക കോഴ്സ് ഉണ്ടായിരിക്കുന്നതല്ല**. എന്നാൽ സെപ്തംബർ 23-25 വരെയുള്ള കോഴ്സ് നോൺ-റെസിഡൻഷ്യൽ ആയിരിക്കും. ദയവായി പള്ളിയിൽ അറിയിക്കുമല്ലോ.

ഡയറക്ടർ, **ഫാമിലി അപ്പോസ്റ്റേലേറ്റ്**

# *Day of Adoration*



*2nd September 2011*
St. Antonys Church, Ezhupunna
St. John De Britto's Convent, Veli

*7th September 2011*
St. Joseph's Church, Ottamassery

*8th September 2011*
St. Mary's Church, West Manakodam

*13th September 2011*
St. Joseph's Convent, Chethy

*20th September 2011*
Sacred Heart Church, Mayithara
St. George's Church, Mandakodam

*23rd September 2011*
Little Flower Chruch, Ayiramthai

# യുവജ്യോതി കെ.സി.വൈ.എം.

## എസ്.എച്ച്. സെമിനാരി, ആലപ്പുഴ രൂപത

## യുവജന കമ്മീഷൻ രൂപീകരണം

കഴിഞ്ഞമാസം രൂപതാ കെ.സി.വൈ.എം. ഡയറക്ടറും ഫൊറാന ഡയറക്ടർമാരും വികാരി ജനറലിന്റെ അദ്ധ്യക്ഷതയിൽ കർമ്മസദനിൽ സമ്മേളിച്ച് ചർച്ച ചെയ്ത് മുന്നുകാര്യങ്ങൾ തീരുമാനിക്കുകയുണ്ടായി (1) ഇടവകകളിൽ ഉടനെ തന്നെ യുവ ജന കമ്മീഷൻ രൂപീകരിക്കുക, (2) കമ്മീഷന്റെ നേതൃത്വത്തിൽ ഇടവകകളിൽ ഇൻഫൊർമേഷൻ സെന്റർ പ്രവർത്തിച്ചു തുടങ്ങുക. (3) ഈ തീരമാനം തുടക്കത്തിൽ ഫൊറൊന ഡയറക്ടർമാരുടെ ചുമതലയിലുള്ള ഇടവകകളിലും തുടർന്ന് മറ്റു ഇടവകകളിലും നടപ്പിലാക്കണം

**കമ്മീഷൻ രൂപീകരണവുമായി ബന്ധപ്പെട്ട പ്രധാന നിർദ്ദേ ശങ്ങൾ താഴെനൽകുന്നു.**

## യുവജന കമ്മീഷൻ അംഗങ്ങൾ

1) ഇടവകാ അജപാലന സമിതിയിൽ നിന്നും യുവജനപരിപാല നത്തിൽ അഭിരുചിയോ താല്പര്യമോയുള്ള 2-3 പേർ. അവരെ ബഹു. വികാരിയുമായി ആലോചിച്ച് നാമനിർദ്ദേശം ചെയ്യാവുന്നതാണ്.
2 ) യുവജനപരിപാലനത്തിൽ താല്പര്യമുള്ള ഒരു സന്ന്യാസിനി.
3) യുവജനപ്രേഷിത രംഗത്ത് പ്രവർത്തിക്കാൻ സന്മനസ്സും ഉത്സാഹവുമുള്ള മുതിർന്ന അത്മായ സ്ത്രീ പുരുഷന്മാർ 4-5 പേർ . അവരെ ബഹു. വികാരിയച്ചന്റെ അറിവോടെ മുൻകാല കെ.സി.വൈ.എം.പ്രവർത്തകർ. അദ്ധ്യാപകർ, മതാദ്ധ്യാപകർ എന്നീ വിഭാഗങ്ങളിൽ നിന്നും കണ്ടെത്താവുന്നതാണ്.

**12 ൽ കവിയാതെയും 7 ൽ കുറയാതെയും അംഗങ്ങൾ ഉള്ള ഒരു സമിതിയായിരിക്കണം**





**യുവജന കമ്മീഷൻ**

യുവജന കമ്മീഷൻ ഭാരവാഹികൾ, അവരുടെ ചുമതലകൾ

**ഡയറക്ടർ** : യുവജന കമ്മീഷന്റെ ഡയറക്ടർ ഇടവകയിലെ സഹവികാരിയായിരിക്കും. കമ്മീഷൻ യോഗത്തിൽ അദ്ധ്യക്ഷ്യം വഹിക്കുക, യോഗ നടപടികൾ നിയന്ത്രിക്കുക. തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് നേതൃത്വം വഹിക്കുക, അജപാലന മിനിസ്ട്രി യോഗത്തിൽ യുവജനകമ്മീഷനെ പ്രതിനിധീകരിക്കുക തുടങ്ങി യവയായിരിക്കും ഡയറക്ടറുടെ ചുമതല

**സെക്രട്ടറി** : ഇടവകാ യുവജന കമ്മീഷൻ ഡയറക്ടർ ബഹു. വികാരിയുമായി ആലോചിച്ച് നിയമിക്കുന്ന ഒരു കമ്മീഷൻ അംഗ മായിരിക്കും സെക്രട്ടറി. ഡയറക്ടറുടെ നിർദ്ദേശപ്രകാരം കമ്മീ ഷൻ യോഗത്തിന് നോട്ടീസ് നൽകുക, യോഗനടപടികൾ രേഖ പ്പെടുത്തുക, യോഗ റിപ്പോർട്ടുകൾ ആവശ്യമായ സന്ദർഭങ്ങളിൽ അവതരിപ്പിക്കുക അജപാലന മിനിസ്ട്രിയിൽ കമ്മീഷനെ പ്രതി നിധീകരിച്ച് പങ്കെടുക്കുക.

**യോഗം** : യുവജന കമ്മീഷൻ 2 മാസത്തിൽ ഒരിക്കൽ സമ്മേളി ക്കേണ്ടതാണ്. അത്യാവശ്യ സന്ദർഭങ്ങളിൽ ഡയറക്ടർക്ക് ഏതു സമയത്തും യോഗം വിളിച്ചുകൂട്ടാവുന്നതാണ്.

## യുവജന പ്രേഷിത കമ്മീഷന്റെ ചുമതലകൾ

ദൈവരാജ്യ സംസ്ഥാപനമെന്ന സഭാ ദൗത്യത്തിന്റെ മുന്നണി പോരാളികളായി വേണം നാം ഓരോ യുവാവിനെയും യുവതിയെയും കാണേണ്ടത്. അതിനാൽ തലമുറകളിലൂടെ കൈമാറി ലഭിച്ച ക്രൈസ്തവ വിശ്വാസവും ദർശനവും പുതു തലമുറയ്ക്ക് പകരുക എന്ന ചുമതല വളരെ പ്രധാനപ്പെട്ടതാണ്. ക്രിസ്തുവിനെ കണ്ടെത്താനും അവിടുത്തെ രക്ഷാകര സന്ദേശം മനസ്സിലാക്കി ജീവിക്കാനും യുവജനങ്ങളെ സഹായിക്കുന്ന സഭയുടെ പ്രവർത്തനമാണ് യുവജന പ്രേഷിതത്വം.

1 വിശ്വാസജീവിതവുമായി സമന്വയിപ്പിച്ച് കിസ്തുവിൽ പുതിയ വ്യക്തികളായി സ്നേഹത്തിന്റെ സംസ്കാരം പടുത്തുയർത്തന്ന പ്രേഷിതരാക്കി യുവജനങ്ങളെ രൂപാന്തരപ്പെടുത്തുക
2 യുവജനങ്ങളുടെ സമഗ്രവികാസം വഴി അവർക്കു ചുറ്റുമുള്ള സാമുഹിക യാഥാർത്ഥ്യങ്ങളെ തിരിച്ചറിഞ്ഞ് ദൈവരാജ്യ

നിർമ്മാണ പ്രക്രിയയിൽ സജീവ പങ്കാളികളാകാൻ അവരെ സഹായിക്കുക.

3 എല്ലാ യുവജനങ്ങൾക്കും ആദ്ധ്യാത്മിക വളർച്ചയ്ക്കും വിശ്വാസസംപുഷ്ടതയ്ക്കും ആവശ്യമായ പരിശീലനം നല്കുക

4 മാറിവരുന്ന സാമൂഹിക സാഹചര്യങ്ങളിൽ ക്രൈസ്തവ മൂല്യങ്ങളിൽ അടിയുറച്ചുനിന്നുകൊണ്ട് സമൂഹത്തിന്റെ സമ്പൂർണ്ണ വിമോചനത്തിനായി പ്രവർത്തിക്കുന്ന ശക്തികേന്ദ്ര മായി യുവജനങ്ങളെ രൂപപ്പെടുത്തുക

5 ഉചിതമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുന്നതിന് സഹായകമായ ദൈവവിളി പരിശീലനംയുവജനങ്ങൾക്ക് നൽകുക

6 അഭിരുചിയും താല്പര്യങ്ങളും അനുസരിച്ച് വ്യത്യസ്ത തലങ്ങളിലും സംവിധാനങ്ങളിലും പ്രവർത്തിക്കാൻ യുവജന ങ്ങൾക്ക് ഇടം നൽകുകയും അവയെ ഒരു കുടക്കീഴിലെ ന്നോണം ഏകോപിപ്പിക്കാൻ കെ.സി.വൈ.എം. എന്ന പ്രസ്ഥാനത്ത മാതൃയുവജന പ്രസ്ഥാനമായി വളർത്തുകയും ചെയ്യുക

7 സമുദായത്തിന്റെ ശാക്തീകരണത്തിനുള്ള ശക്തിസ്രോത സ്സായി യുവജനങ്ങളെ കാണുകയും സാമൂഹിക രാഷ്ട്രീയ തലങ്ങളിൽ പ്രവർത്തിക്കാൻ അവരെ സജ്ജരാക്കുകയും ചെയ്യുക.

8 സഭയുടെ സമ്പന്നമായ പാരമ്പര്യവും സംസ്കാരവും യുവജനങ്ങളെ പഠിപ്പിക്കുക. സഭയുടെ സാമൂഹിക പ്രബോ ധനങ്ങൾ, രണ്ടാം വത്തിക്കാൻ പ്രമാണരേഖകൾ, കേരള ലത്തീൻസഭയുടെ ചരിത്രം,സംഭാവനകൾ, സവിശേഷതകൾ എന്നിവയിൽ നല്ല അറിവുപകരുന്ന ക്ലാസ്സുകൾ സംഘടി പ്പിക്കുക.

9 യുവജനങ്ങളെ വഴിതെറ്റിക്കുന്ന സമകാലിക ഭൗതികവാദം, മൊബൈൽഫോൺ, ഇന്റർനെറ്റ് ഇവയുടെ ദുരുപയോഗം, മദ്യം, മയക്കുമരുന്ന്, ലൈംഗിക വഴിതെറ്റലുകൾ, അകമപ്രവണത, ആർഭാടം, ധൂർത്ത്, തുടങ്ങിയവയുടെ സ്വാധീനത്തിൽ നിന്നും മോചിതരാകാൻ യുവജനങ്ങളെ പ്രാപ്തരാക്കുക.





10 വിദ്യാഭ്യാസപരമായും തൊഴിൽപരമായുമുള്ള വിവര വിനിമയ കേന്ദ്രം ഓരോ ഇടവകയിലും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുക

11. കത്തോലിക്ക യുവജന സംഘടനയിൽ ചേർന്നു പ്രവർത്തിക്കാൻ 18 വയസ്സ് കഴിഞ്ഞവരെ പ്രേരിപ്പിക്കുക, സംഘടനാപ്രവർത്തനത്തിലൂടെ യുവജനങ്ങളുടെ വ്യക്തിത്വ വികാസത്തിനായി യത്നിക്കുകയും ചെയ്യുക.

**ഫാ. പയസ് ആറാട്ടുകുളം**
(വികാരി ജനറൽ)

**ഫാ. പോൾ ജെ. അറയ്ക്കൽ**
(ഡയറക്ടർ, യുവജ്യോതി, കെ.സി.വൈ.എം)

---

സ്നേഹബഹുമാനപ്പെട്ട അച്ചാ/സിസ്റ്റർ,

യുവജ്യോതി കെ.സി.വൈ.എം. ഓഫീസിൽ നിന്നും പ്രാർത്ഥ നാശംസകൾ. യുവജനപ്രസ്ഥാനം നേതൃത്വം നൽകുന്ന പരിപാ ടികളിലേയ്ക്ക് അങ്ങയുടെ ശ്രദ്ധയും പ്രോത്സാഹനവും തീരു മാനവും ക്ഷണിക്കുന്നു.

# ഉത്സവ് 2011

### സെപ്റ്റംബർ 10-11, മരാരിക്കുളം സെന്റ് അഗസ്റ്റിൻസ് ഇടവക യിൽ

യുവജനങ്ങളുടെ സർഗ്ഗശേഷിയെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി യുവജ്യോതി കെ.സി.വൈ.എം. ഒരു ക്കുന്ന കലോത്സവം "ഉത്സവ് 2011" മരാരിക്കുളം സെന്റ് അഗ സ്റ്റിൻസ് ഇടവകയുടെ ആതിഥേയത്വത്തിൽ നടത്തുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. അങ്ങയുടെ ഇടവകയിൽ നിന്നും പരമാവധി യുവ ജനങ്ങളെ ഉത്സവിൽ പങ്കെടുപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കു മല്ലോ. കൗതുക മത്സരങ്ങളിലും പങ്കാളിത്തം ഉറപ്പുവരുത്തുമല്ലോ.

സ്നേഹപൂർവ്വം,

**ഫാ. പോൾ ജെ. അറയ്ക്കൽ**

**ഫാ. ജോർജ് മാവുംകൂട്ടത്തിൽ**

# മത്സര ഇനങ്ങൾ

### രചനാ മത്സരങ്ങൾ

**കഥാരചന, കവിതാ രചന, ഉപന്യാസ രചന, ചിത്ര രചന, നോട്ടീസ് രചന, മുദ്രാവാക്യ രചന, ചിത്ര രചന, കാർട്ടൂൺ, പെയിന്റിംഗ്.**

### കലാ മത്സരങ്ങൾ

**ലളിതഗാനം, സംഘഗാനം, കെ.സി.വൈ.എം. ആന്തം, കവിതാപാരായണം, പ്രസംഗം, മോണോആക്ട്, ക്വിസ്, ടാബ്ലോ, സംഘനൃത്തം, തിരുവാതിര, ഓണപ്പാട്ട്, സിംഗിൾ ഡാൻസ്, പ്രച്ഛന്നവേഷം**

### കൗതുക മത്സരങ്ങൾ

**സൂചിയിൽ നൂൽകോർക്കൽ, അപ്പം കടി, സ്പൂൺ നാരങ്ങ, സുന്ദരിക്കു പൊട്ടുകുത്തൽ, പുഞ്ചിരി മത്സരം**

# മത്സര ഇനങ്ങൾ നിബന്ധനകൾ

## രചനാ മത്സരങ്ങൾ

1. കഥാരചന - ഒരു മണിക്കൂർ (വിഷയം തൽസമയം നൽകും)
2. കവിതാരചന - ഒരു മണിക്കൂർ (വിഷയം തൽസമയം നൽകും)
3. ഉപന്യാസം - ഒരു മണിക്കൂർ (വിഷയം തൽസമയം നൽകും)
4. നോട്ടീസ് രചന - 45 മിനിറ്റ് ( വിഷയം തൽസമയം നൽകും, A4 size)
5. മുദ്രാവാക്യ രചന - 30 മിനിറ്റ് (വിഷയം തൽസമയം നൽകും)
6. ചിത്ര രചന - ഒരു മണിക്കൂർ (വിഷയം തൽസമയം നൽകും)
7. കാർട്ടൂൺ - രണ്ട് മണിക്കൂർ (വിഷയം തൽസമയം നൽകും, ആശയം ഉൾക്കൊള്ളുന്നതായിരിക്കണം, യാതൊരുവിധത്തിലും കളർ ഉപയോഗിക്കാൻ പാടില്ല, (കറുപ്പൊഴികെ) ചിത്രം ആശയം, അവതരണം എന്നിവയ്ക്കാണ് പ്രധാന്യം നൽകേണ്ടത്)
8. പെയിന്റിംഗ് - 2 മണിക്കൂർ (വിഷയം തൽസമയം നൽകും)





## കലാ മത്സരങ്ങൾ

1. ലളിതഗാനം - 5 മിനിറ്റ് (സിനിമാഗാനം അനുവദനീയമല്ല, ക്രിസ്തീയ ഭക്തിഗാനം ആയിരിക്കണം)
2. സംഘഗാനം - 7 മിനിറ്റ് (അംഗങ്ങളുടെ എണ്ണം മൂന്നുപേരിൽ കുറയുകയോ ഏഴുപേരിൽ കൂടുകയോ ചെയ്യരുത്, സംഗീതോപകരണം പാടില്ല, ക്രിസ്തീയ ഭക്തിഗാനം ആയിരിക്കണം)
3. ഓണപ്പാട്ട് - 7 മിനിറ്റ് (അംഗങ്ങളുടെ എണ്ണം മൂന്ന് പേരിൽ കുറയകുയോ ഏഴുപേരിൽ കൂടുകയോ ചെയ്യരുത്. സംഗീത ഉപകരണം പാടില്ല)
4. കെ.സി.വൈ.എം. ആന്തം - 7 മിനിറ്റ് (അംഗങ്ങളുടെ എണ്ണം മൂന്നുപേരിൽ കുറയുകയോ ഏഴുപേരിൽ കൂടുകയോ ചെയ്യരുത്, കെ.സിവൈ.എം. ഔദ്യോതിക പതാക ഏന്തണം, മാച്ചിംഗ് ട്യൂൺ ആയിരിക്കണം)
5. മോണോആക്ട് - 5 മിനിറ്റ്
6. പ്രസംഗം - 5 മിനിറ്റ് (വിഷയം തൽസമയം നൽകും)
7. ക്വിസ്സ് - ജനറൽ നോളജ്, കെ.സി.വൈ.എം. ചരിത്രം, അപ്പോ. 1 – 5 അദ്ധ്യായങ്ങൾ (ഒരു ഇടവകയിൽ നിന്ന് രണ്ടുപേർ അടങ്ങുന്ന ഒരു ടീം ആയിരിക്കണം)
8. കവിതാപാരയണം - 5 മിനിറ്റ് (മലയാളം)
9. ടാബ്ലോ - മൂന്നുപേരിൽ കുറയുകയോ ഏഴുപേരിൽ കൂടുകയോ ചെയ്യരുത്. (ഒരു ഇടവകയിൽ നിന്ന് ഒരു ടീം ആയിരിക്കണം)
10. സംഘനൃത്തം - 10 മിനിറ്റ് (സിനിമാഗാനം അനുവദനീയമല്ല, അംഗങ്ങളുടെ അഞ്ചിൽ കുറയുകയോ ഏഴിൽ കൂടുകയോ ചെയ്യരുത്, ക്രിസ്തീയ ഭക്തിഗാനം ആയിരിക്കണം)
11. തിരുവാതിര - 10 മിനിറ്റ് ( 8 പേരിൽ കൂടുകയോ കുറയുകയോ ചെയ്യരുത്)
12. സിംഗിൾ ഡാൻസ് - 10 മിനിറ്റ് (ക്രിസ്തീയ ഭക്തിഗാനം ആയിരിക്കണം)

# നിർദ്ദേശങ്ങൾ

1. ഗ്രൂപ്പിനത്തിൽ ഒരു ഇടവകയിൽനിന്നും ഒരു സംഘം മാത്രമേ പങ്കെടുക്കാവൂ.
2. വ്യക്തഗത ഇനങ്ങൾക്കു ഒരു ഇടവകയിൽനിന്നും 2 പേർക്ക് പങ്കെടുക്കാം

3. ഗ്രൂപ്പിനത്തിൽ ഒരാൾക്കു പരമാവധി 3 മത്സരങ്ങളിൽ പങ്കെടുക്കാം
4. ഓരോ ഇടവകയ്ക്കും ഒരു ടീം മാനേജർ ഉണ്ടായിരിക്കണം. ഈ ടീം മാനേജർ മാത്രമാണ് വിവിധ ആവശ്യങ്ങൾക്കു ഉത്സവ് ഓഫീസുമായി ബന്ധപ്പെടാവൂ.
5. വ്യക്തിഗത മത്സരങ്ങൾക്കു താഴെപറയുന്ന രീതിയിൽ പോയിന്റ് നൽകുന്നതാണ്. എ ഗ്രേഡ് - 5 പോയിന്റ്, ബി ഗ്രേഡ് - 3 പോയിന്റ്, സി ഗ്രേഡ് - 1 പോയിന്റ്.
6. ഗ്രൂപ്പിനങ്ങൾക്ക് താഴെപ്പറയുന്ന രീതിയിൽ പോയിന്റ് നൽകുന്നതാണ്. എ ഗ്രേഡ് - 10 പോയിന്റ്, ബി ഗ്രേഡ് - 5 പോയിന്റ്, സി ഗ്രേഡ് - 3 പോയിന്റ്.
7. ഓരോ മത്സരത്തിലും ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്നവർക്കും സർട്ടിഫിക്കറ്റും സമ്മാനവും, മൂന്നാം സ്ഥാനം ലഭിക്കുന്നവർക്കു സർട്ടിഫിക്കറ്റും നൽകുന്നതാണ്.
8. ഏതെങ്കിലും ഒരിനത്തിൽ മൂന്ന് ടീമിൽ കുറവാണെങ്കിൽ ആ മത്സരത്തിനു അർഹതയുടെ അടിസ്ഥാനത്തിൽ ഗ്രേഡ് മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.
9. കൗതുക മത്സരങ്ങൾക്ക് ലഭിക്കുന്ന പോയിന്റുകൾ യാതൊരു കാരണവശാലും ഓവറോൾ ചാമ്പ്യൻഷിപ്പിൽ ചേർക്കുന്നതല്ല.
10. മത്സരത്തെ സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ വിധി പ്രഖ്യാപനത്തിനുശേഷം 20 മിനിട്ടിനുള്ളിൽ ജൂറി ഓഫ് അപ്പിലിനു മുന്നിൽ ഓരോ പരാതിക്കും 100 രൂപ വീതം കെട്ടിവെച്ച് അപേക്ഷ നൽകേണ്ടതാണ്.
11. ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ഇടവകയ്ക്ക് എവറോളിംഗ് ട്രോഫി നൽകുന്നതാണ്.
12. മത്സരത്തിൽ പങ്കെടുക്കുന്നവർ യൂണിറ്റ് ഡയറക്ടറിന്റെയും, പ്രസിഡന്റിന്റെയും സാക്ഷ്യപത്രം നിർബന്ധമായും നൽകേണ്ടതാണ്. അല്ലാത്തപക്ഷം മത്സരങ്ങളിലെ പങ്കാളിത്തം അനുവദിക്കുന്നതല്ല.
13. ഓഗസ്റ്റ് 30 ന് മുൻപ് രജിസ്ട്രേഷൻ പൂർത്തീകരിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് രൂപതാ സമിതിയുമായി ബന്ധപ്പെടുക. ഫോൺ: 9947781318, 9947323708, 9745326114





# രൂപതാ ഡയറി

**ജൂലൈ 20, ബുധൻ**

രാവിലെ 11.30 ന് ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ ഒന്നാം വർഷ ഡിഗ്രി വിദ്യാർത്ഥികളെയും അവരുടെ രക്ഷിതാക്കളെയും അഭിസംബോധന ചെയ്തു അഭിവന്ദ്യ പിതാവ് സംസാരിച്ചു.

**ജൂലൈ 21 വ്യാഴം**

വൈകുന്നേരം 4 മണിക്ക് വിസിറ്റേഷൻ മദർ ജനറൽ സിസ്റ്റർ ലീലാ ജോസിന്റെ ഭവനത്തിൽ എത്തി സിസ്റ്ററിന്റെ പ്രിയ മാതാവ് പരേതയായ മേരി ജോസഫിന്റെ ആത്മശാന്തിയ്ക്കായി അഭിവന്ദ്യ പിതാവ് പ്രാർത്ഥനകൾ അർപ്പിച്ചു.

**ജൂലൈ 24 ഞായർ**

3.30 ന് ചിറ്റാട്ടുമുക്ക് കാർമ്മൽ മൊണാസ്ട്രിയിൽ പരിശുദ്ധ കർമ്മലമാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യപിതാവ് ദിവ്യബലിയർപ്പിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു.

**ജൂലൈ 27-28**

ദളിത് ക്രൈസ്തവരുടെ അവകാശങ്ങൾക്കായി ഡൽഹിയിൽ നടത്തപ്പെട്ട നിരാഹാര സമരത്തിലും പാർലമെന്റ് മാർച്ചിലും അഭിവന്ദ്യപിതാവും ഡി.സി.എം. എസ് ആലപ്പുഴ രൂപത ഡയറക്ടർ ഫാ. നെൽസൺ പാനേഴത്തും പങ്കെടുത്തു.

**ജൂലൈ 29-31**

കൊച്ചി ആൽഫ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ട കെ.ആർ എൽ. സി.സി ജനറൽബോഡി യോഗത്തിൽ അഭിവന്ദ്യപിതാവ് സംബന്ധിച്ചു.

**ആഗസ്ത് 3 ബുധൻ**

11.00 രാവിലെ കർമ്മസദൻ പാസ്റ്ററൽ സെന്ററിൽ കരിസ്മാറ്റിക്ക് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രീസ്റ്റ് ഫെലോഷിപ്പ് അഭിവന്ദ്യപിതാവ് ഉദ്ഘാടനം ചെയ്തു.

**ആഗസ്ത് 4 വ്യാഴം**

വൈകുന്നേരം 5.30 ന് പള്ളിത്തോട് സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ നവീകരിച്ച സിമിത്തേരി അഭിവന്ദ്യപിതാവ് ആശീർവ്വദിച്ചു.

**ആഗസ്ത് 5 വെള്ളി**

രാവിലെ 10.30ന് എറണാകുളം സോഷ്യൽ സർവ്വീസ് സെന്ററിൽ കെ.എസ്.എസ്.എഫിന്റെ യോഗത്തിൽ അഭിവന്ദ്യ പിതാവ് സംബന്ധിച്ചു.

**ആഗസ്ത് 6 ശനി**

രാവിലെ 9.30 ന് പാസ്റ്റൽ സെന്ററിൽ യുവജ്യോതി കെ.സി.വൈ.എം ന്റെ ജനറൽ അസംബ്ളിയെ അഭിസംബോധന ചെയ്യുകയും റാങ്ക് ജോതാക്കൾക്ക് യുവജ്യോതി ഏർപ്പെടുത്തിയ പുരസ്ക്കാരങ്ങൾ അഭിവന്ദ്യപിതാവ് നൽകുകയും ചെയ്തു.

**ആഗസ്ത് 7 ഞായർ**

രാവിലെ 6.45 ന് മനക്കോടം സെന്റ് ജോർജ്ജ് ഫൊറോനാ ദൈവാലയത്തിൽ അഭിവന്ദ്യപിതാവ് ദിവ്യബലിയർപ്പിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു.

**ആഗസ്ത് 13 ശനി**

രാവിലെ 10.30ന് അരമനയിൽ കെ.എൽ.എമ്മിന്റെ യോഗം അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ നടന്നു.





3.30 ന് വെള്ളാപള്ളി സെന്റ് ഫ്രാൻസീസ് അസ്സീസി ഇടവകയിൽ അഗസ്റ്റീനിയൻ സഭാംഗമായ ഡീക്കൻ ജോസഫ് അരേശ്ശേരിലിന് അഭിവന്ദ്യപിതാവ് പൗരോഹിത്യം നൽകി.

**ആഗസ്ത് 14 ഞായർ**

രാവിലെ 10 ന് പി.ഒ.സിയിൽ “കടലി”ന്റെ യോഗത്തിൽ അഭിവന്ദ്യപിതാവ് സംബന്ധിച്ചു.

**ആഗസ്ത് 15 തിങ്കൾ**

രാവിലെ 7.00 ന് പരിശുദ്ധ മറിയത്തിന്റെ സ്വർഗ്ഗാരോഹണ തിരുനാളും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും ഒരുമിച്ചാഘോഷിച്ച ഇന്നേ ദിനത്തിൽ അഭിവന്ദ്യപിതാവ് കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും തുടർന്ന് ദേശീയ പതാകയുയർത്തുകയും ചെയ്തു.

**ആഗസ്ത് 16 ചൊവ്വ**

വൈകുന്നേരം 4 ന് വരാപ്പുഴ കത്തീഡ്രൽ ദൈവാലയത്തിൽ പരേതനായ അഭിവന്ദ്യ കൊർണേലീയൂസ് പിതാവിന്റെ 7-ാം ചരമ ദിനത്തിൽ ദിവ്യബലിയർപ്പിച്ചു.

**ആഗസ്ത് 18 വ്യാഴം**

വൈദികരുടെ മാസയോഗം

**ആഗസ്ത് 19 വെള്ളി**

വൈകുന്നേരം 6 മണിക്ക് ചേർത്തല തിരുഹൃദയ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികളെ സന്ദർശിച്ച് അവർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകി.

**ആഗസ്ത് 20 ശനി**

രാവിലെ 11 ന് കൈനകരി സെന്റ് മേരീസ് ദൈവാലയത്തിൽ ദിവ്യകാരുണ്യ പ്രദക്ഷിണത്തിന് അഭിവന്ദ്യപിതാവ് നേതൃത്വം നൽകി.

**ആഗസ്ത് 21 ഞായർ**

പുന്നപ്ര വി. പത്താം പീയുസ് ഇടവകയിൽ ഇടയസന്ദർശനം നടത്തി.

# സ്നേഹ സമൂഹം
## കുടുംബങ്ങളുടെ കൂട്ടായ്മ
**BASIC CHRISTIAN COMMUNITIES**

**DIOCESE OF ALLEPPEY**

*ബുള്ളറ്റിൻ 192* *2011 സെപ്റ്റംബർ*

1 **സ്വാഗതം**

2 **ഗാനവും ബൈബിൾ പ്രതിഷ്ഠയും**

3 **യേശുവിനെ ക്ഷണിക്കുന്നു**

4 **വചന വായനയ്ക്ക് ആമുഖം :** ദാനമായി ദൈവം നൽകിയ വരങ്ങളിൽ അഹങ്കരിച്ചും അവയുടെ ശുശ്രൂഷയെന്ന ഉദ്ദേശ്യം മറന്നും കഴിഞ്ഞ ക്രൈസ്തവസമൂഹത്തോട് പൗലോസ് അപ്പോസ്തലൻ സംസാരിക്കുകയാണ് ഈ ലേഖനഭാഗത്തിലൂടെ. കർത്താവിന്റെ ഏകശരീരത്തിലെ അവയവങ്ങളാണ് ക്രൈസ്തവരെന്നും നൽകപ്പെട്ടിരിക്കുന്ന കൃപകളൊക്കെയും സമൂഹമാകുന്ന ക്രിസ്തുഗാത്രത്തെ പടുത്തുയർത്താൻ എളിമയോടെ എല്ലാവരും ശുശ്രൂഷ ചെയ്യണമെന്നും അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു. നമ്മുടെ സമൂഹത്തിന്റെ സമഗ്രവളർച്ചയ്ക്കായി ആവുന്ന നന്മകളെല്ലാം ചെയ്യാൻ ഈ തിരുവചനഭാഗം പ്രചോദനമാവട്ടെ.

5. **വചന വായന** (രണ്ടു പ്രാവശ്യം ആവർത്തിക്കുക.) **റോമാ 12:3–8**

6. **സ്വാധീനിച്ച വാക്ക് / വാക്യം** (മൂന്നു തവണ ഉരുവിടുക)

7. **വചന വിശകലനം** (ചർച്ചയിലൂടെ വചന സന്ദേശം കണ്ടെത്തൽ)

❖ വിശ്വാസികൾക്ക് ക്രിസ്തുവുമായും പരസ്പരവുമുള്ള ബന്ധത്തെ എന്തിനോടാണ് പൗലോസ് ഉപമിക്കുന്നത്?

❖ യേശുവിന്റെ ശരീരമാകുന്ന സമൂഹത്തിന്റെ ശരിയായ വളർച്ചയ്ക്കുവേണ്ടി വിവിധങ്ങളായ ശുശ്രൂഷകൾ അവയവങ്ങളായ നമ്മൾ ചെയ്യണമെന്ന് നമ്മെ ഉദ്ബോധിപ്പിക്കുന്ന വചനമേതാണ്?





❖ നമ്മുടെ ഇടവകയിലെ എല്ലാവരുടെയും നല്ല വളർച്ചയ്ക്കായി ആത്മീയ, സാമൂഹിക, വിദ്യാഭ്യാസ, സാംസ്ക്കാരിക, കുടുംബപ്രേഷിത, ദൈവവിളി മേഖലകളിൽ നമ്മുടെ സ്നേഹസമൂഹം പിറുപിറുപ്പുകൂടാതെ സന്തോഷത്തോടെ ചെയ്തുകൊണ്ടിരിക്കുന്ന ശുശ്രൂഷകൾ എന്തൊക്കെയാണ്? കൂടുതലായി എന്തൊക്കെ ചെയ്യാനാവും?

❖ ഈ തിരുവചനത്തിന്റെ കൂടുതൽ പ്രായോഗിക വശങ്ങൾ സന്ദേശവായനയിലൂടെ കണ്ടെത്താൻ ശ്രമിക്കുക.

8. **സന്ദേശം**

ഇടവകയിലെ പ്രതിമാസ ബൈബിൾ ക്ലാസ്സിൽ ജോസഫ് ചേട്ടന് ഒരു സംശയം : “അച്ചോ, നമ്മളെല്ലാവരും ഒരേ ആത്മാവിൽ ഏകശരീരമാകാൻ ജ്ഞാനസ്നാനമേറ്റുവെന്നും നമ്മൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ് എന്നും പൗലോസ് അപ്പോസ്തലൻ പറയാൻ പ്രത്യേക കാരണം വല്ലതുമുണ്ടോ?” അച്ചൻ ക്ലാസ്സിലുള്ളവരോടായി ചോദിച്ചു : “ജോസഫ്ചേട്ടന് നിങ്ങളിലാരാണ് മറുപടി നൽകുന്നത്?” യുവജ്യോതി പ്രവർത്തകൻ ബന്നി പറഞ്ഞു: “ഒന്നാമത്തെ കാരണമായി എനിക്കു തോന്നുന്നത് വി.പൗലോസിന്റെ മാനസാന്തര അനുഭവം തന്നെയാണ്. യഹൂദമതഭ്രാന്തനായി അപ്പോസ്തലന്മാരെയും ക്രിസ്ത്യാനികളെയും പീഡിപ്പിച്ചപ്പോൾ യേശു അദ്ദേഹത്തിന് നേരിട്ട് പ്രത്യക്ഷനായി ചോദിച്ചത് ‘സാവൂൾ സാവൂൾ, നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു?’ എന്നാണ്.” ബന്നിയെ അഭിനന്ദിച്ചശേഷം അച്ചൻ പറഞ്ഞു: “വിശ്വാസികൾ യേശുവുമായി ജീവസ്സുറ്റ ഒരൊറ്റ ശരീരം തന്നെയാണെന്ന് ഈ അനുഭവത്തിലൂടെ അദ്ദേഹം തിരിച്ചറിഞ്ഞു.” പത്താം ക്ലാസ്സിൽ പഠിക്കുന്ന ക്രിസ്റ്റീനമോൾക്കുമുണ്ടായിരുന്നു കൂട്ടിച്ചേർക്കാൻ: “യേശു തന്റെ പരസ്യജീവിതകാലത്തുതന്നെ ഇത് പഠിപ്പിച്ചിട്ടുണ്ട്. യോഹന്നാൻ 15–ൽ ‘ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ അതിന്റെ ശാഖകളുമാണ്’ എന്നുപറയുക വഴി നമ്മൾ എല്ലാവരും യേശുവുമായി ഒരു ശരീരമാണെന്ന സത്യമാണ് അവിടുന്ന് പഠിപ്പിച്ചത്”. ക്രിസ്റ്റീനാമോളുടെ ബൈബിൾ വിജ്ഞാനത്തിൽ അത്ഭുതം കൂറി എല്ലാവരും അറിയാതെ കയ്യടിച്ചുപോയി. മതാദ്ധ്യാപകൻ പീറ്റർ മറ്റൊന്നു കൂട്ടി

ചേർത്തു : "പൗലോസ് അപ്പോസ്തലൻ കോറിന്തോസുകാർക്കുള്ള ഒന്നാംലേഖനത്തിലെ 11-ാം അദ്ധ്യായത്തിൽ യേശുവിന്റെ ദിവ്യകാരുണ്യ ശരീരത്തെപ്പറ്റി പറഞ്ഞിട്ടാണ് 12-ാം അദ്ധ്യായത്തിൽ യേശുവിന്റെ മൗതിക ശരീരമാകുന്ന, ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ കൂട്ടായ്മയെപ്പറ്റി പറയുന്നത്. അതിനാൽ തിരുശരീരമാകുന്ന അപ്പത്തിലൂടെ യേശു, വിശ്വാസികളുമായി ഒരു ശരീരമായിത്തീരുന്നു എന്നും അങ്ങനെയുള്ളവർക്ക് ഒരു ശരീരത്തിലെ അവയവങ്ങളെപ്പോലെ പരസ്പരം ശുശ്രൂഷ ചെയ്യാതിരിക്കാനാവില്ല എന്നുമാണ് പൗലോസ് പഠിപ്പിക്കുന്നത്." ഇത്രയുമായപ്പോൾ റിട്ടയേഡ് അദ്ധ്യാപകൻ ഗബ്രിയേൽ മാഷ് പറഞ്ഞു: "അപ്പോൾ നമ്മുടെ ഇടവക യേശുവിന്റെ ശരീരവും സക്രാരി അതിന്റെ ഹൃദയവുമാണെന്നു ചുരുക്കിപ്പറയാം അല്ലേ അച്ചോ?" അച്ചൻ പറഞ്ഞു: "സർ പറഞ്ഞത് തീർത്തും ശരിയാണ്. പക്ഷേ നമ്മൾ അറിയേണ്ട മറ്റൊരു സത്യമുണ്ട്: ഹൃദയത്തിൽ നിന്നും ശരീരഭാഗങ്ങളിലേയ്ക്ക് രക്തം ശരിയാംവണ്ണം എത്തണമെങ്കിൽ ധമനികളുടെ ആവശ്യമുണ്ട്. ഇടവകയുടെ ഹൃദയമായ സക്രാരിയിൽ നിന്നും അൾത്താരയിൽ നിന്നും പമ്പുചെയ്യപ്പെടുന്ന ജീവരക്തം നമ്മുടെ ഓരോ സ്നേഹസമൂഹത്തിലും കുടുംബത്തിലും ശരിയാവണ്ണം എത്തണമെങ്കിൽ ദൈവാരാധനാ കാര്യങ്ങളിലും, മതബോധനകാര്യങ്ങളിലും, തിരുവചനകാര്യങ്ങളിലും ഓരോ സ്നേഹസമൂഹത്തിന്റെയും സജീവ പങ്കാളിത്തം ഉറപ്പുവരുത്തണം എന്നാണിതിനർത്ഥം. അത് സാദ്ധ്യമാവണേൽ ക്രിസ്തീയ ജീവിത ശുശ്രൂഷയുടെ കീഴിൽ വരുന്ന ഇക്കാര്യങ്ങൾക്കുവേണ്ടി ഒരു സ്നേഹസമൂഹത്തിൽ നിന്ന് ഒരു പ്രതിനിധി രക്തധമനിയെന്ന പോലെ പ്രവർത്തിക്കണം." അപ്പോൾ ജീസസ് യൂത്തുകാരനായ മൈക്കിളിനൊരു സംശയം : "അച്ചോ, അപ്പോൾ മറ്റു ശുശ്രൂഷകൾക്ക് പ്രതിനിധികളെ വേണ്ടേ?" "തീർച്ചയായും വേണം, മറ്റു ശുശ്രൂഷകൾ ഏതൊക്കെയാണെന്ന് നമ്മുടെ മദർ സുപ്പീരിയർ പറഞ്ഞുതരും," അച്ചൻ മറുപടി നൽകി. മദർ പറഞ്ഞു: "നമ്മുടെ രൂപതയിൽ ക്രിസ്തീയ ജീവിതമിനിസ്ട്രി ഉൾപ്പെടെ ആകെ അഞ്ചു മിനിസ്ട്രികൾ അഥവാ ശുശ്രൂഷകളാണുള്ളത്. അജപാലന മിനിസ്ട്രി, വിദ്യാഭ്യാസ മിനിസ്ട്രി, സാമൂ





ഹിക പ്രവർത്തന മിനിസ്ട്രി, അൽമായ പ്രേഷിതമിനിസ്ട്രി എന്നിവയാണ്. ഈ ശുശ്രൂഷകളിലൂടെ ഓരോ ഇടവകയുമാകുന്ന ക്രിസ്തുവിന്റെ ശരീരത്തെ പണിതുയർത്തുവാൻ എല്ലാവർക്കും കടപ്പാടും അതിന്റെ ഫലമനുഭവിക്കുവാൻ എല്ലാവർക്കും അവകാശവുമുണ്ട്. ഓരോ സ്നേഹസമൂഹവും ഇക്കാര്യങ്ങളിൽ സജീവമാകാൻ യേശുവിന്റെ വചനം നമ്മെ ആഹ്വാനം ചെയ്യുന്നു." അച്ചൻ ചോദിച്ചു: "ഈ ബൈബിൾ ദർശനം പ്രവൃത്തി പഥത്തിൽ കൊണ്ടുവരാൻ ഈ ശുശ്രൂഷാസംവിധാനം ഏറ്റവും ഫലപ്രദമാണെന്നു ബോധ്യമായോ?" വാർഡുപ്രതിനിധിയായ അച്ചാമ്മച്ചേട്ടത്തി മറുപടി പറഞ്ഞു: "അച്ചോ, ജ്ഞാനസ്നാനത്തിലൂടെ കർത്താവ് എന്നെ അവിടത്തെ ശരീരത്തിലെ അവയവമാക്കി ഉയർത്തിയതിന് ഞാനെത്രയോ കടപ്പെട്ടിരിക്കുന്നു. ഞാൻ പ്രവർത്തിക്കാതെ വന്നാൽ ഞാൻ മൂലം അവിടന്നു വികലാംഗനാവില്ലേ? തടിയിൽ ജീവനുള്ളിടത്തോളം കാലം അതു സംഭവിച്ചുകൂടാ. ഞാൻ പ്രവർത്തിക്കുമച്ചോ; എനിക്കു ബോധ്യമായി." അച്ചൻ എല്ലാവരോടുമായി ചോദിച്ചു: എല്ലാവർക്കും ബോധ്യമാവുകയും ഇത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ സാഹചര്യങ്ങൾ രൂപതാതലത്തിൽ ഒരുങ്ങുമ്പോൾ പ്രവർത്തിച്ചു സഹകരിക്കുവാൻ സന്നദ്ധരുമാണെങ്കിൽ അത് കയ്യടിച്ച് പ്രകടമാക്കുക." മറുപടി ആവേശപൂർവ്വവും ആത്മാർത്ഥവുമായ ഹർഷാരവമായിരുന്നു.

**9 ചർച്ച**

- ❖ ഒരു രൂപതയിലെയും ഇടവകയിലെയും എല്ലാ ശുശ്രൂഷകളുടെയും ഫലം ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ എല്ലാവർക്കും ലഭിക്കുവാൻ തക്കരീതിയിൽ ഉണർന്നു പ്രവർത്തിക്കാൻ ഇടവകാ അജപാലന സമിതിയും ബി.സി.സി. പ്രതിനിധികളും ഈ ശുശ്രൂഷാസംവിധാനത്തിലൂടെ പ്രവർത്തിക്കേണ്ടത് ആവശ്യമല്ലേ?
- ❖ നിങ്ങളുടെ സ്നേഹസമൂഹമാകുന്ന അവയവം പ്രവർത്തിക്കാത്തതിന്റെ പേരിൽ യേശു നിങ്ങളുടെ ഇടവകയിൽ വികലാംഗനായിത്തീരുവാൻ ഇടവരുമോ?

❖ നമ്മുടെ രൂപതയ്ക്ക് 60 വർഷം തികയുന്ന ജൂബിലിവർഷാചരണത്തിന്റെ ഭാഗമായി രൂപതയിൽ കൂടുതൽ ഉണർവ്വും വളർച്ചയും ഉറപ്പാക്കി മുന്നേറുവാൻ ഈ മിനിസട്രി സംവിധാനത്തോട് സർവ്വാത്മനാ സഹകരിക്കുമോ?

10. **സ്വയം പ്രേരിത പ്രാർത്ഥന** (സ്തുതിപ്പ്, നന്ദി, മാപ്പ്, യാചന)

11. **സമാപന പ്രാർത്ഥന** (പ്രസിഡന്റോ, മറ്റാരെങ്കിലുമോ വചനഭാഗത്തെ ആസ്പദമാക്കി പ്രാർത്ഥിക്കുന്നു. അല്ലെങ്കിൽ എല്ലാവരും കൈകോർത്തു പിടിച്ച് **"സ്വർഗ്ഗസ്ഥനായ പിതാവേ..."** പ്രാർത്ഥിക്കുന്നു.)

12. **മുൻ റിപ്പോർട്ട് വായനയും ശരിവയ്ക്കലും**

13. **അറിയിപ്പ്**

❖ നിങ്ങളുടെ മേഖലയിലെ കൃഷിഭവനിൽ ഇടവകാ പ്രതിനിധികൾ മുഖേനയോ നേരിട്ടോ ബന്ധപ്പെട്ട് സൗജന്യ വിത്ത് വിതരണത്തെ സംബന്ധിച്ച് ആരായുക. ഈ ആഴ്ചകളിൽ വിത്ത് സൗജന്യമായി ലഭിക്കാൻ ഇടയുണ്ട്. അടുക്കളത്തോട്ടം ആരോഗ്യനേട്ടമാണെന്നറിയുക.

❖ ലോഗോസ് ബൈബിൾ ക്വിസ്സ് സെപ്തംബർ 25 ഞായർ ഉച്ച കഴിഞ്ഞ് 2-3.30 വരെയാണ് നടത്തപ്പെടുക. കുടുംബസമേതം പങ്കെടുത്ത് കൂടുതൽ മാർക്ക് നേടുന്നവർക്ക് പ്രത്യേക അവാർഡ് ഉണ്ടായിരിക്കും. ബൈബിൾ സംസ്കാരം ജീവന്റെ സംസ്കാരമാണല്ലോ.

14. **വിശദീകരണങ്ങൾ, ചോദ്യങ്ങൾ, രഹസ്യപിരിവ്, ഹാജർ, യോഗസ്ഥലം നിശ്ചയിക്കൽ, ബൈബിൾ വന്ദനം, സമാപന ഗാനം.**

*സ്നേഹപൂർവ്വം*

**ഫാ. ജോയ് പുത്തൻവീട്ടിൽ**